**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *87**

**25-01-2018 ലെ മറുപടി**

## ഹരിത കേരളം മിഷൻ നടത്തുന്ന ജലവിഭവ സംരക്ഷണ പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി ഗീതാ ഗോപി<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി | | മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | ജലവിഭവ സംരക്ഷണത്തിനും പരിപോഷണത്തിനുമായി ഹരിത കേരളം മിഷൻ മുഖേന നടത്തുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കേരളത്തിന്റെ വികസനവും സുസ്ഥിരതയും ഉറപ്പാക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച നാല് മിഷനുകളിൽ ഒന്നാണ് ഹരിതകേരളം മിഷൻ. ജലസംരക്ഷണം, ശുചിത്വം-മാലിന്യ സംസ്കരണം, കൃഷി വികസനം എന്നിവ ഹരിതകേരളം മിഷന്റെ ഉപമിഷനുകളാണ്. നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും അവയുടെ വിനിയോഗം, പരിപാലനം, സംരക്ഷണം എന്നിവകളിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതുമായുള്ള പദ്ധതികളാണ് ജലസംരക്ഷണ ഉപമിഷൻ വഴി നടപ്പിലാക്കി വരുന്നത്. ജലസംരക്ഷണ ഉപദൗത്യവുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങൾ ഇപ്രകാരമാണ്:-<br>1. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കി അവയെ പ്രാദേശിക കുടിവെള്ള-ജലസേചന സ്രോതസ്സുകളാക്കി മാറ്റുക. |

| | | | |
|---|---|---|---|
| | | | 2. കിണറുകളുടെയും കുളങ്ങളുടെയും ശുചീകരണവും മഴവെള്ള റീചാർജ്ജിംഗും ഉറപ്പാക്കുക.<br>3. ക്വാറികൾ , പോലെയുള്ള സ്രോതസ്സുകളിലെ വെള്ളം പരിശോധനകൾക്കു വിധേയമാക്കി പ്രാദേശിക ജലസ്രോതസ്സായി ഉപയോഗിക്കുക.<br>4. ഭൂജലപരിപോഷണം വഴി പരമാവധി വെള്ളം മണ്ണിലേക്കിറങ്ങുന്നതിന് ഭൂപ്രകൃതിക്കനുസൃതമായ സാങ്കേതിക വിദ്യ ലഭ്യമാക്കുക.<br>5. ജലദുർവ്യയം കുറയ്ക്കുന്നതിനും ജല ഓഡിറ്റിംഗും ജല ബഡ്ജറ്റിംഗും നടപ്പിലാക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുക.<br>6. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി പോലെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സമന്വയം തദ്ദേശഭരണ സ്ഥാപനതലത്തിൽ ഉറപ്പാക്കുക.<br>ഇത്തരത്തിലുള്ള പ്രവർത്തനസമീപനം കൈക്കൊണ്ട് പ്രാദേശിക തലത്തിൽ സാങ്കേതിക മികവുള്ള പദ്ധതികൾ രൂപപ്പെടുത്തി എടുക്കുന്നതിനായി വിവിധ വകുപ്പുകളിലെ സാങ്കേതികവിദഗ്ധരുടെ സേവനം ഏകോപിപ്പിക്കുന്നതിന് മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഹരിത കേരളം മിഷന്റെ ഭാഗമായി കിണർ റീചാർജിംഗ്, തോടുകൾ വൃത്തിയാക്കൽ, പുതിയ തോടുകൾ നിർമ്മിക്കൽ എന്നീ പ്രവൃത്തികൾ നടക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്; മിഷന്റെ ജലസംരക്ഷണ ഉപദൗത്യത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷൻ തലത്തിൽ കിണറുകളുടെയും കുളങ്ങളുടെയും ശുദ്ധീകരണവും റീചാർജ്ജിംഗും ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ചാലുകൾ പുനരുജ്ജീവിപ്പിക്കുന്നതിനായി ആവാസ പ്രദേശത്ത് ആവശ്യമായി വരുന്ന മണ്ണ്-ജല സംരക്ഷണ പ്രവൃത്തികളും ഇതോടൊപ്പം നടത്തി വരുന്നു. കൂടാതെ സംസ്ഥാനത്തെ സ്കൂളുകൾ, പൊതു |

| | | | |
|---|---|---|---|
| | | | സ്ഥലങ്ങളിലെ കിണറുകൾ, സ്വകാര്യ കിണറുകൾ ഉൾപ്പെടെ 16665 കിണറുകളിൽ റീചാർജ്ജിംഗ് സംവിധാനം ഒരുക്കിയിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ഭാഗമായി സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും നേതൃത്വത്തിൽ ഇതിനകം 2487 കിലോമീറ്റർ നീളത്തിൽ തോടുകൾ വൃത്തിയാക്കുകയും 1391 കിലോമീറ്റർ നീളത്തിൽ തോടുകൾ പുനരുജ്ജീവിപ്പിക്കുകയും 18 കിലോമീറ്റർ നീളത്തിൽ തോടുകൾ നിർമ്മിക്കുകയും 1481 കിലോമീറ്റർ നീളത്തിൽ കനാലുകൾ വൃത്തിയാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഭാവിയിൽ ജലവിഭവ സംരക്ഷണത്തിനായി പ്രസ്തുത മിഷൻ മുഖേന നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതിയുടെ രൂപരേഖ വ്യക്തമാക്കുമോ? | (സി) | ഹരിതകേരളം മിഷൻ താഴെ വിവരിക്കുന്ന ലക്ഷ്യങ്ങൾ നേടുന്നതിനായുള്ള പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിരിക്കുന്നത്.<br>1. ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ നടത്തി ജലലഭ്യത വർദ്ധിപ്പിക്കുക.<br>2. പുതിയൊരു ജലസംരക്ഷണ വിനിയോഗ സംസ്കാരവും ജലസാക്ഷരതയും ജനങ്ങളിൽ വളർത്തിയെടുക്കുക.<br>3. ജലസുരക്ഷയും പാരിസ്ഥിതിക സുരക്ഷയും ഭാവി തലമുറയ്ക്ക് കൂടി ഉറപ്പാക്കുക.<br>4. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും സുസ്ഥിര പരിപാലനവും ഉറപ്പാക്കുക. |

**സെക്ഷൻ ഓഫീസർ**